## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4792** — **01.07.2013- ലെ മറുപടിയ്ക്ക്**

**ചോദ്യം**

ശ്രീ. പി.എ.മാധവൻ:
'' എ.പി. അബ്ദുള്ളക്കുട്ടി:
'' എം.പി.വിൻസെന്റ്:
'' ഷാഫി പറമ്പിൽ:

**ഉത്തരം**
**ശ്രീ.ഉമ്മൻ ചാണ്ടി**
(മുഖ്യമന്ത്രി)

### വിരമിക്കുന്ന ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തുന്ന സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| (എ) വിരമിക്കുന്ന ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തുന്ന സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) കേരളത്തിലെ ജനങ്ങളുടെ ആയുർ ദൈർഘ്യം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെങ്കിലും വിരമിക്കൽ പ്രായം വളരെ കുറവാണ്. അതുകാരണം സർക്കാർ - പൊതുമേഖലകളിൽ നിന്നും വിരമിക്കുന്നവർ സേവനകാലയളവിലൂടെ ആർജ്ജിക്കുന്ന വൈദഗ്ദ്യം തുടർന്ന് ഉപയോഗിക്കപ്പെടാതിരിക്കുന്ന ഒരു സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ഇതിന് ഒരുപരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് ''വിരമിച്ചവരുടെ വൈദഗ്ദ്യം സംസ്ഥാനത്തിന് ഗുണകരമാവും വിധം ഉപയോഗിക്കുക'' എന്ന പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വിവിധമേഖലകളിൽ വൈദഗ്ദ്യം ആവശ്യമുള്ള വ്യക്തികൾക്കും ഏജൻസികൾക്കും അവ യഥാസമയം ലഭ്യമാക്കുന്നതിനും സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾക്ക് ഇത്തരക്കാരുടെ വൈദഗ്ദ്യം ഫലപ്രദമായി ഉപയോഗിക്കുന്നതിനും വേണ്ട ഒരു സംവിധാനം ആവിഷ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. |